പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2037 17.03.2015-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി യുടെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ : | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യുടെ പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും കെ.എസ്.ആർ.ടി.സി യുടെ ആകെ നഷ്ടം ഇപ്പോൾ എത്രയാണെന്നും വിശദമാക്കാമോ? | (എ) | കെ.എസ്.ആർ.ടി.സിയെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറ്റി ലാഭത്തിലേക്ക് നയിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജിന് രൂപം നൽകുകയും ആയത് നടപ്പാക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പാക്കേജിൻപ്രകാരം കോർപ്പറേഷന്റെ വരുമാനം കുറഞ്ഞ 1500 സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമായ സർവ്വീസുകളാക്കി മാറ്റിയിട്ടുണ്ട്. KTDFCയിൽ നിന്നുമെടുത്ത വായ്പാതിരിച്ചടവിലേക്ക് കോർപ്പറേഷൻ പ്രതിമാസം 50 കോടിയോളം രൂപയാണ് വിനിയോഗിച്ച് വരുന്നത്. KTDFCയിൽ നിന്നുള്ള വായ്പയായ 1300 കോടി രൂപ മറ്റ് ദേശസാൽകൃത ബാങ്കുകൾ ഏറ്റെടുക്കുന്നതിലേക്കായി ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിനായി SBI CAPITAL Martket Ltd എന്ന സ്ഥാപനത്തെ ഉപദേശക സ്ഥാപനമായി കെ.എസ്.ആർ.ടി.സി. നിയോഗിക്കുകയും ടി സ്ഥാപനം കെ.എസ്.ആർ.ടി.സിയെ സംബന്ധിച്ച ഫിനാൻഷ്യൽ ഇൻഫർമേഷൻ മെമ്മോറാണ്ടം തയ്യാറാക്കി ബന്ധപ്പെട്ട ബാങ്കുകൾക്ക് KTDFC വായ്പ ഏറ്റെടുക്കുന്നതിലേക്ക് നൽകികഴിഞ്ഞു. ഇത്തരത്തിൽ പൊതുമേഖലാ ബാങ്കുകൾ, |

| | | |
|---|---|---|
| | | KTDFCയിൽ നിന്നുള്ള വായ്പ ഏറ്റെടുത്താൽ പ്രതിമാസ വായ്പാ തിരിച്ചടവ് 15-20 കോടി രൂപയായി കുറയുകയും, കോർപ്പറേഷന് പ്രതിമാസം 30 കോടി രൂപ ലാഭിക്കാൻ കഴിയുകയും ചെയ്യുന്നതാണ്. കെ.എസ്.ആർ. ടി.സി.യിലെ ഓൺലൈൻ റിസർവേഷൻ സമ്പ്രദായം കുറ്റമറ്റ രീതിയിൽ പരിഷ്കരിച്ചത് മുഖേന റിസർവേഷൻ ഇനത്തിലുള്ള വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ സാധിച്ചു. പുനരുദ്ധാരണ പാക്കേജിൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികൾ പൂർണ്ണമായി നടപ്പിലാക്കുന്നതോടുകൂടി കോർപ്പറേഷന്റെ വരവ് ചെലവ് അന്തരം ഗണ്യമായി കുറയുന്നതാണ്. ഇതിനു പുറമേ ബഹു. ഹൈക്കോടതി ഉത്തരവിൻ പ്രകാരം നിലവിൽ സ്വകാര്യ ബസുകൾ സർവ്വീസ് നടത്തുന്ന 241 സൂപ്പർക്ലാസ് പെർമിറ്റുകൾ ഏറ്റെടുത്ത് പുതിയ കെ.എസ്. ആർ.ടി.സി. ബസുകൾ നിരത്തിലിറക്കി സർവ്വീസ് നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതിനോടകം തന്നെ 162 സർവ്വീസുകൾ ഇത്തരത്തിൽ കോർപ്പറേഷൻ ഏറ്റെടുത്തു കഴിഞ്ഞു.<br>കെ.എസ്.ആർ.ടി.സി.യിൽ കഴിഞ്ഞ നാലുവർഷങ്ങളായി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് വളരെ പ്രാധാന്യം നൽകുകയും കെ.എസ്.ആർ.ടി.സി.യുടെ അധീനതയിൽ ഉള്ള സ്ഥലങ്ങളിൽ വ്യാവസായിക, വാണിജ്യ അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ പണിയുകയും ലേലം / ടെണ്ടർ നടപടികളിലൂടെ ഇവ ആവശ്യക്കാർക്ക് നൽകുകയും കൊറിയർ സർവ്വീസ്, പാഴ്സൽ സർവ്വീസ്, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, ഇൻഡ്യൻ കോഫീ ഹൗസ്, ബാങ്ക് എ.റ്റി.എം എന്നിവ നടപ്പിലാക്കി വരുമാനം വർദ്ധിപ്പിക്കുന്നതി |

| | | | |
|---|---|---|---|
| | | | നായുള്ള നടപടി സ്വീകരിച്ചു വരികയാണ്.<br>ടി പദ്ധതികൾ നടപ്പിലാക്കിയതു വഴി പ്രതിമാസ വരവു ചെലവു അന്തരം ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.<br>2012-13-ലെ വാർഷിക കണക്കനുസരിച്ച് നഷ്ടം 519,26,03,039 രൂപയാണ്. |

സെക്ഷൻ ഓഫീസർ